"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ 2023 വർഷത്തെ ഓൺലൈൻ പൊതു സ്ഥലംമാറ്റം - പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. ജി. അനിൽകുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1092/2023 നമ്പർ കേസ് - കോടതി ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1823/2023/LSGD തീയതി,തിരുവനന്തപുരം, 15-09-2023**

---

പരാമർശം:-

1. സ.ഉ.(കൈ) നം.79/2023/ LSGD തീയതി, 22/03/2023.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 03/07/2023-ലെ LSGD/PD/1224/2023-DED1-Part (1) നമ്പർ നടപടിക്രമം.
3. 06/07/2023 തീയതിയായി ശ്രീ അനിൽകുമാർ. ജി സമർപ്പിച്ച അപ്പീൽ.
4. OA(EKM) 1092/ 2023 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05/07/2023-ലെ ഇടക്കാല ഉത്തരവ്.
5. OA(EKM) 1092/ 2023 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07/07/2023-ലെ വിധിന്യായം.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 14/7/2023 -ലെ LSGD/45778/2023-DEB3 നമ്പർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ 2023 വർഷത്തെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി 2023 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിനെതിരെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ അനിൽകുമാർ. ജി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA (EKM) 1092/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ ശ്രീ. അനിൽ കുമാർ .ജി പരാമർശം (3) പ്രകാരം സർക്കാർ മുൻപാകെ സമർപ്പിച്ച അപ്പീൽ, കോടതി ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം തീർപ്പാക്കുവാൻ പരാമർശം (5) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ് ഡെപ്യൂട്ടി

സെക്രട്ടറി 16/08/2023-ാം തീയതി പരാതിക്കാരനെ നേരിൽ കേട്ടു.

തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ 2023 വർഷത്തെ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിൽ സീനിയർ എക്സ്റ്റൻഷൻ ഓഫീസർമാരുടെ കരട് സ്ഥലംമാറ്റ പട്ടിക പ്രകാരം പരാതിക്കാരന് തൃശ്ശൂർ ജില്ലയിലെ അവണ്ണൂർ ഗ്രാമപഞ്ചായത്തിലേയ്ക്കാണ് ഓപ്ഷൻ ലഭിച്ചിരുന്നത്. എന്നാൽ 31/01/2024-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ പൊതു സ്ഥലംമാറ്റത്തിന് താൻ അപേക്ഷ സമർപ്പിച്ചിട്ടില്ലായിരുന്നുവെന്നും, ആയത് മാപ്പാക്കി വിരമിക്കൽ കാലാവധി കേവലം എട്ടുമാസത്തിൽ താഴെ മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ നിലവിലെ ഓഫീസിൽ തന്നെ തുടരാൻ അനുവദിക്കണമെന്നും പരാതിക്കാരൻ അപേക്ഷിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാരുടെ 2023 വർഷത്തെ ഓൺലൈൻ പൊതു സ്ഥലംമാറ്റ പ്രകാരം തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് ഓഫീസിലെ ഹെഡ് ക്ലാർക്ക്/എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ അനിൽകുമാർ.ജി-യെ തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്കും, പ്രസ്തുത ഒഴിവിലേക്ക് പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. ബൈജു വി.ജെ-യെയും സ്ഥലം മാറ്റി നിയമിക്കുകയും ഉണ്ടായി. എന്നാൽ പരാമർശം (4) ലെ കോടതി ഉത്തരവിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ ടിയാനെ വിടുതൽ ചെയ്യേണ്ടതില്ലെന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ഉത്തരവനുസരിച്ച് ശ്രീ. ബൈജു വി.ജെ-യെ പഴയന്നൂർ ഗ്രാമപഞ്ചായത്തിലേക്ക് നിയമിച്ചുകൊണ്ട് ശ്രീ അനിൽകുമാർ.ജി യെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തുകയുണ്ടായി.

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പൊതുസ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് ഏത് ഓഫീസിലാണ് അപേക്ഷകൻ ജോലി ചെയ്യുന്നത് ആ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ആ വർഷം മാർച്ച് 31 വരെയുള്ള കാലയളവായിരിക്കും സ്റ്റേഷൻ സീനിയോറിറ്റി ആയി കണക്കാക്കുന്നതെന്നും, ഈ കാലയളവിൽ ഒരു സ്റ്റേഷനിൽ മൂന്നുവർഷം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ 13/11/2019-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ അനിൽകുമാർ ജി ടി സ്റ്റേഷനിൽ മൂന്നുവർഷം പൂർത്തിയാക്കിയിട്ടുണ്ട്. പരാതിക്കാരൻ പൊതു സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നിരുന്നാലും ശ്രീ അനിൽകുമാർ ജി -യുടെ വിരമിക്കൽ തീയതിക്ക് കേവലം 5 മാസം മാത്രം കാലാവധി അവശേഷിക്കുന്ന സാഹചര്യത്തിലും, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം നടത്തിയിട്ടുള്ളതിനാലും, നിലവിൽ മറ്റ് അവകാശവാദങ്ങൾ ഇല്ലാത്തതിനാലും പരാതിക്കാരന്റെ അപേക്ഷ പരിഗണിച്ച് ടിയാനെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ തന്നെ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു . അപ്രകാരം കോടതി ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B
**ഡെപ്യൂട്ടിസെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ശ്രീ അനിൽകുമാർ. ജി, ഹെഡ് ക്ലാർക്ക്, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 15-09-2023 13:23:30

സെക്ഷൻ ഓഫീസർ